വാണിജ്യ നികുതി പരിശോധനയ്ക്ക് സ്കാനിംഗ് മെഷീൻ

152 (4143) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി പരിശോധനാ കേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്, വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ചരക്കുകളുടെ പരിശോധന കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പ്രസ്തുത നടപടി എത്രമാത്രം സഹായകരമാകും എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കാമോ ?

ഉത്തരം

(എ) ചെക്ക്പോസ്റ്റ് നവീകരണത്തിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളിൽ മൊബൈൽ വെഹിക്കിൾ സ്കാനർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തുന്നതിനായി 13-3-2014-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 208/2014/നി.വ. ഉത്തരവുപ്രകാരം നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും രജിസ്ട്രാർ, ഗ്രാമത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ കൺവീനറും വാണിജ്യ നികുതി കമ്മീഷണർ, എക്സൈസ് കമ്മീഷണർ, മോട്ടോർവെഹിക്കിൾ കമ്മീഷണർ, കൂടാതെ ടി മൂന്നു വകുപ്പദ്ധ്യക്ഷൻമാർ നിർദ്ദേശിക്കുന്ന പ്രസ്തുത വകുപ്പുകളിലെ കമ്പ്യൂട്ടർ വിഭാഗത്തിന്റെ ചുമതലയുള്ള ഓരോ സീനിയർ ഉദ്യോഗസ്ഥൻമാർ മെമ്പർമാരായുള്ള എട്ടംഗ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി-ഡി) സമിതിയുടെ പഠനറിപ്പോർട്ട് ലഭ്യമായതിനുശേഷമേ ഇക്കാര്യം വ്യക്തമാക്കാനാകൂ.

പ്രത്യേക സാമ്പത്തിക മേഖല (സെസ്സ്)

153 (4144) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്) അനുവദിച്ചിട്ടുള്ളത് എവിടെയെല്ലാമാണെന്ന് പറയാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മേഖലകളിൽ സെസ്സ് അനുവദിക്കാനുണ്ടായ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ ;

(സി) സെസ്സ് അനുവദിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങളും അവിടെ പ്രവർത്തിക്കുന്ന കമ്പനികൾ നൽകിയിട്ടുള്ള ഉറപ്പുകളും നടപ്പിലാക്കപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) രാജ്യത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ അനുവദിച്ചവ ലക്ഷ്യ പ്രാപ്തിയിലെത്തുന്നതിൽ വിജയം കൈവരിച്ചില്ലെന്നും അതു കാരണം ഭീമമായ നികുതി നഷ്ടം സംഭവിക്കുന്നുമെന്നുമുള്ള സി.എ.ജി.-യുടെ കണ്ടെത്തൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ നമ്മുടെ സംസ്ഥാനത്തെ സെസ് മേഖലകളിലും നികുതി വരുമാനവും മറ്റ് ഉദ്ദേശ്യലക്ഷ്യങ്ങളും കൈവരിക്കുന്നതിലുള്ള നിരീക്ഷണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര വാണിജ്യമന്ത്രാലയത്തിൽനിന്നും ലഭ്യമായിട്ടുള്ള വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ (സെസ്) അനുവദിച്ചിട്ടുള്ളവയെക്കുറിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2005-ലെ സെസ്സ് ആക്ട് & 2006-ലെ സെസ് റൂൾസ് എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രത്യേക സാമ്പത്തിക മേഖലകൾ രൂപീകരിച്ചിട്ടുള്ളത്. സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവേകുക, ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും കയറ്റുമതിയും ആഭ്യന്തര-വിദേശ നിക്ഷേപങ്ങളും പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അടിസ്ഥാന സൗകര്യ വികസനമുണ്ടാക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

(സി) 2005-ലെ സെസ്സ് ആക്ടിൽ അനുശാസിച്ചിട്ടുള്ളതനുസരിച്ച് വിവിധ സെസ് യൂണിറ്റുകളുടെ പ്രവർത്തനം എല്ലാ വർഷവും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കീഴിലുള്ള അപ്രൂവൽ കമ്മിറ്റി വിലയിരുത്തുന്നുണ്ട്.

(ഡി&ഇ) പ്രത്യേക സാമ്പത്തിക മേഖലകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ സി.എ.ജി. ഇത്തരം റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിനാണ് സമർപ്പിക്കുന്നത്. ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly